(എ) താനൂർ കെ.പി.എൻ.എം.യു.പി. സ്കൂളിന്റെ മാനേജ്മെന്റ് പ്രശ്നം പരിഹരിച്ചുവോ ;

(ബി) മാനേജ്മെന്റ് പ്രശ്നം പരിഹരിക്കാത്തതു കൊണ്ട് സ്കൂളിന്റെ വികസനം തന്നെ സ്തംഭിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന് പി.ടി.എ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സർക്കാർ ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സ്കൂളിന്റെ സുഗമമായ നടത്തിപ്പിനായി കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ സെക്ഷൻ 14 അനുസരിച്ച് താൽക്കാലികമായി 10 വർഷത്തേക്ക് സർക്കാർ ഏറ്റെടുത്ത് നടത്തിയിരുന്നു. പ്രസ്തുത കാലാവധി അവസാനിച്ചതിനാൽ സർക്കാർ ഉത്തരവ് (സാധാ) നം.4595/2000/പൊ.വി. തീയതി 14-11-2000 പ്രകാരം സ്കൂളിന്റെ പ്രവർത്തനം സ്തംഭിക്കാതിരിക്കാനായി താനൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറെ എക്സ് ഒഫീഷ്യോ മാനേജരായി നിയമിച്ചിട്ടുണ്ട്.

(സി) ആവശ്യപ്പെട്ടിരുന്നു.

(ഡി & ഇ) സ്കൂൾ ഏറ്റെടുക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

വിദ്യാലയങ്ങളിലെ ഉച്ചക്കഞ്ഞി വിതരണം

105 (653) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി വിദ്യാഭ്യാസ ഉപ ജില്ലയിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും എയിഡഡ് സ്കൂളുകൾ എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപന്റ് വിതരണത്തിലും ഉച്ചക്കഞ്ഞിക്കുള്ള അരിയുടെ കാര്യത്തിലും തിരിമറി നടത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ വിദ്യാലയം ഏതാണെന്നും ആരോപണങ്ങൾ എന്തൊക്കെയാണെന്നും ഇക്കാര്യത്തിൽ വകുപ്പുതലത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ ;

(സി) എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന എസ്.സി/എസ്.ടി. വിദ്യാർത്ഥികളുടെ സ്റ്റൈപന്റ് വിതരണത്തിലും ഉച്ചക്കഞ്ഞി വിതരണത്തിലും കൃത്യത പുലർത്താൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി സബ്ജില്ലയിലെ ചീരാൻ എ.യു.പി.സ്കൂൾ ഹെഡ്മാസ്റ്റർ ഇൻചാർജ് വിദ്യാർത്ഥികളുടെ സ്റ്റൈപന്റ് /ഉച്ചക്കഞ്ഞി എന്നിവ തിരിമറി ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വകുപ്പുതല അന്വേഷണം നടന്നു വരുന്നു.

(സി) ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

അൺ എയ്ഡഡ് സ്കൂളുകളിലെ ഫീസ്

106 (654) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അൺ എയ്ഡഡ് സ്കൂളുകളിലെ ഫീസ് എത്ര തവണ വർദ്ധിപ്പിച്ചു ;

(ബി) പ്രസ്തുത സ്കൂളുകളിലെ ഫീസ് വർദ്ധിപ്പിക്കാനുള്ള കാരണം വെളിപ്പെടുത്തുമോ ;

(സി) ഈ ഫീസ് വർദ്ധന എല്ലാ അൺ എയ്ഡഡ് സ്കൂളുകൾക്കും ബാധകമാണോ ;

(ഡി) ന്യൂനപക്ഷ വിഭാഗങ്ങൾ നടത്തുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് മാത്രമായി ഫീസ് വർദ്ധനവ് വരുത്തിയിട്ടുണ്ടോ ;

(ഇ) എങ്കിൽ ഈ വർദ്ധനവിനുശേഷം ന്യൂനപക്ഷ വിഭാഗങ്ങൾ നടത്തുന്ന അൺ എയ്ഡഡ് സ്കൂളുകളിലേയ്ക്കും മറ്റ് അൺ എയ്ഡഡ് സ്കൂളുകളിലേയും ഫീസ് നിരക്കുകൾ കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(എഫ്) ന്യൂനപക്ഷ വിഭാഗങ്ങൾ നടത്തുന്ന സ്കൂളുകൾക്ക് മാത്രം ഫീസ് വർദ്ധന അനുവദിക്കാനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒരു തവണ

(ബി) അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ കുറഞ്ഞ വേതനം നിശ്ചയിക്കുന്നതിനായി അവയുടെ പ്രവർത്തനം പഠിക്കുന്നതിന് സർക്കാർ നിശ്ചയിച്ച ഉന്നതതല സമിതിയുടെ ശുപാർശ കണക്കിലെടുത്താണ് ഫീസ് വർദ്ധിപ്പിച്ചത്.

(സി) ആണ്.

(ഡി) ഇല്ല.

(ഇ) സംസ്ഥാനത്തെ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ കുട്ടികളിൽ നിന്നും പിരിക്കാവുന്ന ഫീസ് സംബന്ധിച്ച സ്റ്റേറ്റുമെന്റ് താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly